# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2978 13.07.2015-ൽ മറുപടിയ്ക്ക്

### മതപരിവർത്തനത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഇ. പി. ജയരാജൻ<br>ശ്രീ എ. കെ. ബാലൻ<br>ശ്രീ ബി. സത്യൻ<br>ശ്രീമതി കെ. കെ. ലതിക | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) മതപരിവർത്തനം വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയതുമായി ബന്ധപ്പെട്ട് വർഗീയ സംഘർഷവും മറ്റു ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടാകാതിരിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ പോലീസ് നേരിട്ട് കേസ്സെടുക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളെ ക്കുറിച്ച് വിശദമാക്കാമോ ; | (സി) സ്വന്തം ഇഷ്ടപ്രകാരം മതം മാറുന്നതിനാലും ഇത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതിനാലും മതപരിവർത്തനത്തെ സംബന്ധിച്ച് പോലീസ് നേരിട്ട് കേസെടുത്തിട്ടില്ല.<br><br>ആലപ്പുഴ ജില്ലയിലെ കായംകുളം പതുപ്പള്ളി യക്ഷി അമ്മാൾ ക്ഷേത്രം, കരീലകുളങ്ങര ലക്ഷ്മി നാരായണ കുടുംബക്ഷേത്രം, കോട്ടയം ജില്ലയിലെ പൊൻകുന്നം പുതിയകാവ് ദേവിക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണ ക്ഷേത്രം, ഉഴവൂർ കരുനെച്ചി ക്ഷേത്രം, ചോഴിക്കോട് ശ്രീകൃഷ്ണ ക്ഷേത്രം, അരീക്കര സുബ്രഹ്മണ്യ ക്ഷേത്രം, കുറിച്ചി തൃക്കപ്പാലേശ്വരം മഹാദേവ ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ പറളിക്കാട് എന്നിവിടങ്ങളിൽ പുനർമത പരിവർത്തനം നടന്നതായി അറിവായിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന "ഘർവാപസി" ഘടകത്തിന്റെയും പുനർമത പരിവർത്തനത്തിനുള്ള ഹെൽപ് ലൈനിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ ; | (ഡി) നിരീക്ഷിച്ചു വരുന്നു. |
| (ഇ) ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (ഇ) നിർബന്ധിത പരിവർത്തനം അല്ലാത്തതിനാലും ഇത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിക്കാത്തതിനാലും ഘർവാപ്പസി ഘടകത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംഘടനകളെ പ്രീണിപ്പിക്കുന്നു എന്ന ആക്ഷേപം ശരിയല്ല. |

| | |
|---|---|
| (എഫ്) ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാമോ ? | (എഫ്) ജനങ്ങളെ വർഗീയമായി ചേരിതിരിച്ച് മുതലെടുക്കാൻ ശ്രമിക്കുന്ന സംഘടനകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ